Item Code: 640 Participant Code: 316

# ഉപ്പ്, അമൂല്യമാണ്

ഇരുണ്ട നിറമാർന്ന വാനം വിളറിത്തുട-
-ങ്ങിയിരുന്നു. നനഞ്ഞൊട്ടിയ വള്ളികൾ വിടർത്താൻ പാടു-
-പെടുകയാണ് കാവ്. കമ്യൂണിസ്റ്റ് പച്ചയും തൊട്ടാവാടിച്ചെടി-
-കളും ഇടതൂർന്ന കാവിനെ പ്രണയിക്കാൻ പഠിപ്പിച്ചത്
പഞ്ചാരമണലാണ്. തിരയടിച്ച് മാഞ്ഞുമറഞ്ഞ് പോകി-
-ല്ലെങ്കിലും നിത്യേന പഞ്ചാരമണലിൽ ചങ്ങാതിമാർ
കോറിയിട്ടിരുന്നു.... "കടലമ്മ കള്ളി.."

പതിവില്ലാത്ത ഉലാത്തലിനിടെ ഗതി മാറുന്നത്,
അവൾ കണ്ടു. ഹോസ്റ്റൽ പരിസരം നാൽചക്രവാഹന-
-ങ്ങളാൽ വളഞ്ഞിരുന്നു. തെളിഞ്ഞ വായുവിലേക്ക്
ഇരച്ചുകയറുന്ന പൊടിപടലങ്ങൾ കാവമ്മയെ
ശ്വാസം മുട്ടിക്കുന്നുണ്ട്. വിളക്കുമരത്തിൽ ഒളിച്ചുപാ-
-ർക്കുന്ന കുഞ്ഞരിപ്രാവ് കുറുകി. അവളോടുള്ള
ചോദ്യമാവാം... "നീയും പോകണില്ലേ....?
ചിതലരിച്ച മേശമേൽ തടിയൻ പുസ്തകങ്ങൾ
നിരന്നു കിടപ്പുണ്ട്. താളുകളിലിടയ്ക്കായി പറന്നുയ-

-രുന്ന പച്ചമന്തിരച്ചെടിമണം. ഇറ്റുവീണ വിയർപ്പുനീരിൻ
ഉപ്പുഗന്ധം. മുഴുമിപ്പിക്കാതെ പാതിവരച്ചിട്ട
ഗാൽവെനിക്ക് സെൽ. പെട്ടെന്നതാ ചീളുകൾക്കിടയിൽ
തടഞ്ഞു. പ്രണയത്താളൊന്നുമല്ല, ഒരു നാൾ മനം
മടുത്തപ്പോൾ അവൻ കോറിയിട്ട വരികളാണ്.
"നീയറിയാത്ത ഗന്ധവും പേറി, എത്രയോ ശലഭങ്ങ-
-ളാണിവിടെ കൂത്താടുന്നത്."

നരച്ച തലച്ചോറിനെനിക്കാൻ അവൻ വെട്ടിട്ട
ആ വരികൾ തന്നെ സാരമായിരുന്നു. പിഞ്ഞിക്കീറിയ
പഴകിത്തുന്നലുകളുള്ള പേഴ്സിൽ വിരലുകൾ തപ്പി-
നടന്നു. പിന്നെ ഓർമ്മകൾക്കോ, മറവികൾക്കോ, പറയാ-
-നൊരിടം കൊടുക്കാതെ അവളും പടിയിറങ്ങി. ഇനി
പലനാളുകളിൽ അവധിദിനങ്ങളുടെ പകലുകളിൽ
കെട്ടിത്തൂക്കൊണ്ടിരിക്കയാവും... കണ്ണോരത്തിലൂടെ
ആളത്തിൽ ഒരു നടത്തം.. അച്ചുകുട്ട്യേ... ഇങ്ങ് പോരുന്നു-
ണ്ടോ....? ചെറുകുപ്പികൾ പരന്നുകിടന്ന പുത്തൻ
വണ്ടിമേൽ ഒരു മധ്യവയസ്കൻ ദാദ. താടികൾ-
-ക്കു പോരെന്ന മട്ടിൽ നെഞ്ചിലെ കിളുന്ത് രോമങ്ങ-
-ളിൽ വെള്ളപ്പടർപ്പുകൾ... കടലിനിടനാഴിയോളമുള്ള

പൊട്ടിച്ചിരിയിൽ അവളുടെ മിഴികളും അടിഞ്ഞുതീർന്നു...
പോവ്വാ... യിക്ക... ചുണ്ടുകൾ ചലിക്കാതെ മിഴി-
-പറഞ്ഞു... തെല്ലിടനിൽക്കാതെ കൊയേമ്പാർട്ടിസി
സ്റ്റാൻസ് എത്തിപിടിച്ചു. അപ്പോഴും ചെരുപ്പുകു-
-ത്തി, മാഞ്ഞിരുന്നില്ല. ദാദായെ പോലെ അവളും,
അറിയാതെ ഒരു ചെരുപ്പുകുത്തിയാകാൻ കിനാവ്
കണ്ടിരുന്നു. വള്ളി പൊട്ടിയതും തേഞ്ഞുതീർന്നതുമായ
ചെരുപ്പുകളിൽ ആരുടെയൊക്കെയോ, വെഞ്ചിരുകളും,
ഉപ്പുരച്ചാലുകളും വിണ്ടുകീറിയും തഴമ്പിച്ചും അഴുകു-
തീർന്ന പാദങ്ങളും അവൾ തൊട്ടറിഞ്ഞിരുന്നു...
മറ്റൊന്നും കൊണ്ടല്ല, അവളുടെ ഉയിരായ അപ്പനും,
ഏതോ മണലാരണ്യങ്ങളിൽ വിണ്ടുകീറിയ ചെരു-
-പ്പുകൾ കുട്ടിതുന്നുകയാണ്. അച്ചുട്ട്യേ...
"ഈ ഭൂമിക്കും കീറച്ചെരുപ്പിനും എല്ലാം ഒരേ
അഴകാണ് ട്ടാ.... അയാൾ ഇടയ്ക്കിടെ പറഞ്ഞുപോകും...
മൊട്ടക്കുന്നുകൾക്കിടയിൽ തേയിലത്തോട്ടങ്ങളിൽ നുള്ളി-
പെറുക്കി നടന്ന് മേനി, തളർന്ന പെണ്ണമ്മയെയും കൊച്ചുകൂര-
യെയും കാക്കുന്ന അവളും ഇത്തിരി ഈ കൂടിയ
ഉപ്പാണെന്ന് ആരും ചിന്തിച്ചേക്കാം.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 316

നീല പിടിമേൽ തൂങ്ങിയാടി യാത്ര. കുട്ടിയിങ്ങട്ട് ഇരിക്ക്യോ...
ഒരു വൃദ്ധ ബലമായി പിടിച്ചിരുത്തി. ഏതാണ്ട്
തന്റെയമ്മയോളം വരും... ജനാലപ്പടിയ്ക്കു മുകളിൽ
വെള്ളനിറത്തിൽ വരച്ചുചേർത്തത് അറിയാതെ
വായിച്ചെടുത്തു. "അമ്മയും കുഞ്ഞും"...
കുട്ടിയന്നേരം ചിന്തിക്കണ്... എവിടെയാ വീട്...
ഈ വൈകുന്നേരത്തോട്ടാ... എത്തില്ലേ...? അവർ മിണ്ടിയില്ല.
എൻ്റെ കുട്ട്യേ ഇതിനെ വല്യമഠേന്ന് പറേണ്... ഇതിറങ്ങി,
വലത്തി ഇടയടുത്ത് നിർത്തും... അവരെന്തൊക്കെയോ
പറഞ്ഞു. അവൾക്ക് മടുത്തില്ല. ചന്ത ഫോണിനെ
ഞെരുക്കി കുലുക്കി അറിയാതെ അവളൊന്നു മയങ്ങി...
ചില കുരുന്ന് കാലങ്ങൾ കൂടിയേറി വന്നു.....
അമ്മത്താലിക്കോ.. ഞങ്ങള് പറഞ്ഞാ എനിക്കൊരു ജോലി.
കിട്ട്യോ...? അച്ഛൻ്റെ സ്വരം... ആയാലും, ഇവിടെ പീടിക-
യിലിരുന്ന് വെയിലുകായണ്ട് നിന്നിട്ട മതി... അമ്മയുടെ
മിഴികൾ നിറഞ്ഞു... അച്ഛാ കൂടേ... അച്ഛ പോയിട്ട് വരാം...
വാരിയെടുത്ത് കവിളിലെ കുഞ്ഞുഗർത്തത്തിൽ നിറയെ
ഉമ്മകൾ... അന്ന് തുടങ്ങി... ആലയങ്ങളിലൂടെ, കിരാതികൾ-
ളുടെ കരച്ചിലും ഒരു താരാട്ടായി കടമെടുക്കലും.... തകർന്നു-

വീഴാറായ കൂരമേൽ ഭൂമി ഒരു കുടയായ് പടർന്നുനിൽക്കും,
എവിടെനിന്നൊക്കെയോ ഓടിയെത്തിയ ചില നൊമ്പരക്കീറുകൾ
അവളെ തല്ലിയുറക്കുകയും ചെയ്യും..... ന്റച്ഛൻ വരുമ്പോ,
എനിക്ക് ചുവല ചെരുപ്പ് കൊണ്ടോരൂലാ... അങ്ങ് ഗൾഫീന്ന്...
ചങ്ങാതിമാർക്കിടയിൽ അവളിന്നുമത് അറിയാതെ പറഞ്ഞുപോകാറുണ്ട്...

മനം പതിയെ പിണങ്ങിത്തുടങ്ങിയിരിക്കുന്നു...

പെട്ടെന്നാണ് ഭൂമി പിടഞ്ഞത്... കാവമ്മ അലറിവീണു.... മുടിയിളക്കി,
ഭ്രാന്തിയായി... കിട്ടിയ ജീവനുള്ളതുമില്ലാത്തതുമായ ശവങ്ങളെ,
വൃക്ഷങ്ങളെ, കെട്ടിടങ്ങളെ എറിഞ്ഞുടച്ചു... താഴ്വാരത്തേ-
യ്ക്ക് ഇടിച്ചുകയറിയ ബസ്സും ചില ഉരുളൻ കല്ലുകളെ അതി-
ജീവിക്കേണ്ടിവന്നു... പാതിബോധം മങ്ങിയ യാത്രക്കാരോടൊപ്പം,
അവളും, നീല കിടക്കയിലേക്ക് വഴുതിവീണു.... കുറെ ശബ്ദ-
-ങ്ങൾ കെട്ടിപ്പിടിച്ചും കെട്ടുപിടഞ്ഞും കാവമ്മയുടെ കീഴെ,
അടിഞ്ഞുകൂടി... അതിലൊരാളിൽ അവളുടെ അമ്മമണം...
ഒഴുകിയിറങ്ങിയ മിഴിനീർത്തുള്ളികൾക്ക് ചോരനിറം...
പൊട്ടിച്ചിതറിയ മാരിവില്ലിന്റെ വർണ്ണങ്ങളോ കൂട്ടി-
ച്ചിരിച്ചു..... അച്ചൂട്ട്യേ.... മിഴിനിറയെ വെള്ളം നിറ-
ച്ചൊരാൾ രണ്ടുദിനം പിന്നിട്ട് അവളെ കുലുക്കി-
വിളിച്ചു.... അയാൾ പാതിബോധത്തോടെ എന്തൊ-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

Item Code: 640 Participant Code: 316

-ങ്ങളോ ചുലമ്പി... അപ്പാ... ഇരുവരും മതിയാവോളം മുത്ത-
മിട്ടു... അപ്പനെന്ത്യേ ഇന്നട... ഒന്നുമറിയാതെ വിങ്ങുപൊട്ടി മെഴിഞ്ഞു-
ചത്തുമലർന്ന ഭൂവ് നേരിൽ കാണുന്നതുവരെ മാത്രം... പിന്നീടിരു-
-വരും തളർന്നുവീണിരുന്നു... മാംസത്തിലും മജ്ജയിലുമെല്ലാം...
ആഴ്ന്നിറങ്ങിയ മുള്ളാണി... "വിദൂരതയിലേക്ക് കൺചി-
മ്മുമ്പോൾ അപ്പനും മകൾക്കും ശ്വാസം മുട്ടുന്നു. താരങ്ങളെ
തെങ്ങിലെണ്ണി ഉറങ്ങിപ്പോയ മണലോരത്തെ ചില രാത്രികൾ...
അപ്പനൊരാശ്വാസമുണ്ട്.. ഇനിയവർക്കെണ്ണാൻ ഒരു താരം
കൂടുതലുണ്ടാകും..... അറിഞ്ഞ ചുവൽനിറമുള്ള താരം... നേരിടുന്നുവിങ്ങാത്ത
കാര്യങ്ങൾ തങ്ങൾക്ക് കെട്ടുകഥകൾ മാത്രമാണെന്ന് മണലാരണ്യ-
-ത്തിൽ കുറിച്ചിട്ട മേമനാണ്... അത്തരം കെട്ടുകഥകളോട്
അവൾ പ്രണയമാണ്......

ചങ്കിലെ തീയൊന്നണഞ്ഞ്, അപ്പൻ തനിക്കായ് കാത്ത്
കൊണ്ടുവന്ന പൊതി അവളിന്നാണ് തുറന്നത്..... ഇരുവിപ്പു കിട്ടിയ ചോന്ന
ചെരുപ്പ്.. കൈചളിപിടിച്ച മണലിൽ തുറന്നുവച്ചു.. മണലാരണ്യ-
-ത്തിലെ ഉപ്പും, ചെളിനീരിലെ കണ്ണീരുപ്പും ഒന്നുപോലെ ചുവയ്ക്കു-
പാഠപുസ്തകത്തിലെ കാസിമിനോടൊ, ടോട്ടോചാനോടൊ? അദ്ദേരോടാണി-
ചെരുപ്പുകഥയെ ഉപമിക്കേണ്ടത്..... "ഉപ്പു ചുവയ്ക്കുന്ന
ചില കെട്ടുകഥകൾ...."

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)